"എനിക്ക് സമ്മാനം വാങ്ങാനുള്ള അർഹതയില്ല പകരം സാറയ്ക്ക് കൊടുക്കണം". എല്ലാവരും ഞെട്ടി ടീച്ചർ"എന്താ മോളെ പറയുന്നത്" മേരി "അതെ ടീച്ചർ" അവൾ നടന്ന സംഭവങ്ങൾ വേദിയിൽ പറയുന്നു.മേരി സാറയെ വിളിക്കുന്നു. സാറയ്ക്ക് തന്റെ സമ്മാനം കൊടുത്തു. എല്ലാവരും ആശ്ചര്യത്തോടെ കൈയടിച്ചു.മേരി സാറയെ കരഞ്ഞുകൊണ്ട് കെട്ടിപ്പിടിച്ചു...

ഫാത്തിമത്ത് ഷാദിയ റനീൻ

*9A*

## സയൻസ് ക്വിസ്സ്

1- ഊർജ്ജ സംരക്ഷണത്തിന് ഏറ്റവും സഹായകമായ ബൾബ് ഏത്?

2- താപനില അളക്കാനുള്ള ഉപകരണം ഏത്?

3- മനുഷ്യൻ കഴിഞ്ഞാൽ ഏറ്റവും ബുദ്ധിയുള്ള ജീവി ?

4- ഇന്ത്യയുടെ ദേശീയ ശാസ്ത്ര ദിനം എന്നാണ്?

5- ഫെബ്രുവരി 28 ന്റെ പ്രത്യേകതയെന്ത്?

6- സി.വി.രാമന് നോബേൽ സമ്മാനം ലഭിച്ച വർഷം ഏത്?

7- ഇന്ത്യൻ അണുബോംബിന്റെ പിതാവ് ആര് ?

8- മഴയിലൂടെ പരാഗണം നടത്തുന്ന സുഗന്ധവ്യഞ്ചന ചെടി ഏത്?

9- വൈദ്യുത ബൾബ് കണ്ടുപിടിച്ച തോമസ് ആൽവാ എഡിസൺ ഏതു രാജ്യക്കാരനാണ്?

10- മണ്ണിനെക്കുറിച്ചുള്ള പഠനത്തിന്റെ പേരെന്ത്?

11- സസ്യങ്ങൾ പുഷ്പിക്കുന്നതിന് സഹായിക്കുന്ന ഹോർമോൺ ഏത്?

12- ഇന്ത്യൻ ആണവ ശാസ്ത്രത്തിന്റെ പിതാവ് ആര്?

13- നിറമില്ലാത്ത രക്തമുള്ള ജീവി ഏത്?

14- ഇന്ത്യ ആദ്യമായി അണുവിസ്ഫോടനം നടത്തിയ വർഷം?

# ഉത്തരം

1-LED ബൾബുകൾ

2-തെർമോമീറ്റർ

3-ഡോൾഫിൻ

4-ഫെബ്രുവരി 28

5- രാമൻ ഇഫക്ട് കണ്ടുപിടിച്ച ദിവസം

6- 1930

7-രാജാ രാമണ്ണ

8-കുരുമുളക്

9-അമേരിക്ക

10-പെഡോളജി

11-ഫ്ളോറിജൻ

12-ഹോമി ജഹാംഗീർ ഭാഭ

13-പാറ്റ

14-1947

******************

മറിയമ്മത്ത് നൗഫിയ

*8th A*

## അത്യാഗ്രഹം ആപത്ത്

ഒരിടത്ത് ജോൺ എന്ന അത്യാഗ്രഹിയായ ഒരു ആട്ടിടയൻ ഉണ്ടായിരുന്നു.ആടുകളിൽ ജോണിന് പ്രിയപ്പെട്ട ആടായിരുന്നു റോസി.ആ ആട് ദിവസവും അഞ്ച് ലിറ്റർ പാൽ തരുമായിരുന്നു.അത് ഒരു മാന്ത്രിക ആടായിരുന്നു. ആടിന്റെ പാൽ വിറ്റ് ജോൺ മെല്ലെ മെല്ലെ പണക്കാരനായി വന്നു.ഒരു ദിവസം അദ്ദേഹം ഒരു മണ്ടത്തരം ചിന്തിച്ചു.ആടിനെ അറുത്താൽ അതിനുള്ളിൽ നിന്നും മുഴുവൻ പാൽ ലഭിക്കുമെന്ന് അദ്ദേഹം വിചാരിച്ചു.

അങ്ങനെ ഒരു ദിവസം അദ്ദേഹം റോസിയെ അറുത്തു. നഷ്ടം,നഷ്ടം. ആടിന്റെ ശരീരത്തിൽ ഒരു തുള്ളി പാൽ പോലുമില്ല.

ചോര മാത്രമേ ഉണ്ടായിരുന്നുള്ളൂ. താൻ ചെയ്ത തെറ്റ് തന്നെ ബാധിച്ചിരിക്കുന്നു. ജോണിന് സങ്കടമായി.എത്രയോ നാൾ തനിക്ക് പാൽ തരേണ്ടിയിരുന്ന ആടിനെയാണ് താൻ അറുത്തത്.തന്റെ അത്യാഗ്രഹം ആണ് ഇതിന് കാരണം എന്ന് മനസ്സിലായ ജോൺ തല കുനിച്ചിരുന്നു.

മർഷാദ്

7th A

**ഭാഗ്യം വന്ന വഴി**

പണ്ട് ഒരു ഗ്രാമത്തിൽ രാമു എന്നൊരു പാവം മനുഷ്യനുണ്ടായിരുന്നു.മൺ പാത്രങ്ങൾ വിറ്റാണ് അയാൾ ജീവിച്ചിരുന്നത്.

രാമു എന്നും രാത്രി പ്രാർത്ഥിക്കും. ദൈവമേ നാളെയെങ്കിലും എനിക്കൊരു ഭാഗ്യം കൊണ്ടു തരണേ... രാമുവിന്റെ അയൽക്കാരനാണ് സോമു. ഒരു ദിവസം രാത്രി സോമു ജനാലയിലൂടെ നോക്കിയപ്പോൾ അതാ രാമുവിന്റെ വീടിനു പുറത്തു നിന്ന് രണ്ടു ദേവതകൾ. സോമു പതുങ്ങി അവിടെയെത്തി. "ഈ പാവം രാമുവിന് ആയിരം നാണയം കിട്ടും. അയാളുടെ പ്രാർത്ഥന ദൈവം കേട്ടു" ഒരു ദേവത പറഞ്ഞു.

രാമു ഇതൊന്നും കേൾക്കാതെ നല്ല ഉറക്കത്തിലായിരുന്നു. ഹയ്യട! എങ്കിൽ രാമുവിന് കിട്ടുന്ന പണം സ്വന്തമാക്കണം എന്ന് സോമു തീരുമാനിച്ചു.

പിറ്റേന്ന് രാവിലെ സോമു അഞ്ഞൂറ് നാണയവുമായി രാമുവിന്റെ വീട്ടിലെത്തി. അവൻ പറഞ്ഞു "രാമു, നിന്റെ കഷ്ടപ്പാട് അറിഞ്ഞ് സഹായിക്കാൻ വന്നതാണ് ഞാൻ. ഈ അഞ്ഞൂറ് നാണയം നിനക്കു തരാം. പകരം ഇന്നു നിനക്കു കിട്ടുന്ന മുഴുവൻ പണവും എനിക്ക് തന്നാൽ മതി". രാമുവിന് സന്തോഷമായി. മൺപാത്രം വിറ്റാൽ കുറച്ചു പണമേ കിട്ടൂ.അത് സോമുവിന് കൊടുത്താൽ മതിയല്ലോ. അന്നു രാത്രിയും സോമു രാമുവിന്റെ വീട്ടിലെത്തി,ഒളിച്ചിരുന്നു. പണം കൊണ്ട് ദേവതമാർ വന്നാലോ? അർധരാത്രിയായപ്പോൾ ദേവതമാർ അവിടെയെത്തി.അവർ പറയുന്നത് സോമു കേട്ടു. "കണ്ടില്ലേ! ദൈവം ഇന്ന് അഞ്ഞൂറ് നാണയം രാമുവിന് നൽകി. ആ

സോമു വഴിയാണ് ദൈവം രാമുവിനെ സഹായിച്ചത്. പക്ഷേ,അഞ്ഞൂറ് നാണയമല്ലേ കിട്ടിയുള്ളൂ. ആയിരമല്ലേ കിട്ടേണ്ടത്? ബാക്കി എങ്ങനെ കിട്ടും" രണ്ടാമത്തെ ദേവത ചോദിച്ചു. "ഹഹഹ... ദാ അവിടെ ഒളിച്ചിരിക്കുന്ന സോമുവിന്റെ കൈകൾ രണ്ടും ഇപ്പോൾ തമ്മിൽ ഒട്ടിയിരിക്കുകയാണ്. എത്ര ശ്രമിച്ചാലും കൈകൾ വേർപ്പെടുത്താനാവില്ല. അഞ്ഞൂറ് നാണയം കൂടി രാമുവിന് കൊടുത്താലേ കൈകൾ വേർപ്പെടൂ". സോമു ഞെട്ടിപ്പോയി. ദേവതകൾ പറഞ്ഞത് ശരിയാണ്. കൈകൾ എടുക്കാനേ പറ്റുന്നില്ല. മറ്റു വഴിയില്ലാതെ അയാൾ വീട്ടിലേക്ക് ഓടി. അഞ്ഞൂറ് നാണയങ്ങൾ ഉള്ള ഒരു കിഴി കടിച്ച് പിടിച്ച് രാമുവിന് കൊണ്ടു കൊടുത്തു. ഉടനെ സോമുവിന്റെ കൈകൾ സ്വതന്ത്രമായി.

പാവം രാമുവിനെ പറ്റിക്കാൻ ശ്രമിച്ച് സോമുവിന് അങ്ങനെ ആയിരം സ്വർണ്ണ നാണയം നഷ്ടമായി. രാമുവിന്റെ കഷ്ടപ്പാടെല്ലാം അതോടെ തീരുകയും ചെയ്തു.

ഫാത്തിമത്ത് മുഫീദ

10A

**ജീവിതം പോലും മാറ്റിമറിക്കുന്ന ചെറു വസ്തുക്കൾ**

അഹ്..അഹ്..അഹ് തെക്കുംതോപ്പിലെ അപ്പൂപ്പൻ വന്നേ... കുട്ടികളെല്ലാം അപ്പൂപ്പന്റെ അടുത്തുകൂടി "അപ്പൂപ്പാ,അപ്പൂപ്പാ ഇന്നും കഥ പറഞ്ഞു തരണം.” “അതിനെന്താ പറഞ്ഞു തരാല്ലോ.” അവർ ആൽ മരത്തിനടുത്തുകൂടി.ഇനി നമുക്ക് കഥ തുടങ്ങാം. “അപ്പൂപ്പാ, ഇന്നത്തെ കഥ വേഗം തീർക്കണേ.” “അതു ഞാനേറ്റു.” അപ്പൂപ്പൻ കഥ തുടങ്ങി. “പണ്ടു പണ്ട് ഒരു കാട്ടിൽ നാലു വ്യക്തികൾ വസിച്ചിരുന്നു. ഒരച്ഛനും അവരുടെ മൂന്ന് മക്കളും. ആ മൂന്ന് മക്കൾ എപ്പോഴും തർക്കിക്കുമായിരുന്നു. ഒരാൾക്കും മറ്റൊരാളെ കണ്ടുകൂടായിരുന്നു. അങ്ങനെ കൊറേ ദിനങ്ങൾ നീണ്ടുപോയി. പൊടുന്നനെ ഒരു ദിവസം അച്ഛന് പനി വന്നു. അച്ഛൻ കിടത്തത്തിലായി. അച്ഛൻ മനസ്സിൽ ഊഹിച്ചു എന്റെ അവസാനം അടുത്തിരിക്കുന്നു.അച്ഛൻ മക്കളെ മൂന്നു പേരെയും വിളിച്ചു. എന്നിട്ടു പറഞ്ഞു “എന്റെ അവസാനം അടുത്തിരിക്കുകയാണ് മക്കളേ...നിങ്ങളുടെ തർക്കം കേട്ടുകേട്ട് മടുത്തിരിക്കുന്നു. നിങ്ങൾ ഇനി അങ്ങനെ ആവരുത്. നിങ്ങൾ എപ്പോഴും ഒരുമിച്ചു നിൽക്കണം. ഒരുമിച്ചു നിന്നാൽ എന്തും സാധിക്കും.”അങ്ങനെ അവർ അന്നു മുതൽ ഉറ്റസഹോദരന്മാരായി ഒരാൾക്ക് മറ്റൊരാളെ വിട്ടു പിരിയാൻ കഴിയാതെയായി.

അങ്ങനെ ഏതാനും ദിവസങ്ങൾക്ക് ശേഷം അച്ഛൻ മരണപ്പെട്ടു. അച്ഛന്റെ മരണത്തിൽ മൂവരും ദുഃഖിതരായി. കാലങ്ങൾ കഴിഞ്ഞു ഒരു ദിവസം ആ നാട്ടിലേക്ക് ഒരു സിംഹം കടന്നു വന്നു. ആ നാട്ടിലെ പല ആളുകളെയും ഉപദ്രവിക്കാൻ തുടങ്ങി. കുറേ പേർ മരണപ്പെട്ടു. ഈ വാർത്ത ആ ഉറ്റസഹോദരന്മാരുടെ കാതിലും എത്തി. അവർ മൂവരും പരസ്പരം നോക്കി അതിൽ മൂത്തവൻ പറഞ്ഞു “നമ്മളാണ് ഇതിൽ നിന്നും നമ്മുടെ നാട്ടുകാരെ

രക്ഷിക്കേണ്ടത്. നമുക്ക ഇതിൽ നിന്നും രക്ഷ കിട്ടണം.അതിനുള്ള പണി നമുക്ക് ഇപ്പോൾത്തന്നെ തുടങ്ങാം.”

പെട്ടെന്ന് അവരിൽ ഇളയവന്റെ അടുത്തേക്ക് സിംഹം പോകുന്നതു കണ്ട് മൂത്തസഹോദരൻ ഉറക്കെ പറഞ്ഞു. “സഹോദരാ,നിന്റെ അടുക്കലാണ് ഇപ്പോൾ സിംഹമുള്ളത് നോക്കൂ...” മൂവരും ജ്യേഷ്ഠൻ ചൂണ്ടിയ സ്ഥലത്തേക്ക നോക്കി അത് തന്റെ നേർക്കാണ് വരുന്നതെന്നറിഞ്ഞ സഹോദരനോട് ജ്യേഷ്ഠൻ ഉറക്കെ പറഞ്ഞു "സഹോദരാ,മണ്ണെടുത്ത് അതിന്റെ കണ്ണിലേക്ക് എറിയൂ” മൂവരും അതിന്റെ കണ്ണിലേക്ക് മണ്ണും കല്ലും എറിഞ്ഞു. സിംഹത്തിന് കണ്ണ കാണാതായി. ജ്യേഷ്ഠൻ പറഞ്ഞു “ നമ്മുടെ അസ്ത്രം കൊണ്ടുവന്ന വേഗം അതിന് എയ്യണം ഇല്ലെങ്കിൽ നമ്മുടെ ജീവൻ അപകടത്തിലാകും.” അങ്ങനെ മൂവരും വീട്ടിലേക്ക് ഓടി.സിംഹം അതികഠോരമായി ഗർജ്ജിക്കാൻ തുടങ്ങി. മൂവരും അമ്പുകളെടുത്ത് അതിനു നേർക്ക് അമ്പെയ്തു. അങ്ങനെ ഏതാനും നേരത്തെ സിംഹത്തിന്റെ പേടിപ്പിക്കുന്ന പിടയലും കഴിഞ്ഞു സിംഹം ശവമായി മാറി. അപ്പോഴേക്കും നാട്ടുകാരെല്ലാം അവിടെ കൂടിയിരുന്നു. നാട്ടുകാർ അവർക്ക് പല അഭിനന്ദനങ്ങളും പാരിതോഷികങ്ങളും നൽകി. അങ്ങനെ ആ നാട് ആ വലിയ ഭീകരതയിൽ നിന്ന് രക്ഷപ്പെട്ടു.”

അപ്പൂപ്പൻ കഥ നിർത്തി. അപ്പൂപ്പൻ പറഞ്ഞു “ഒരുമിച്ച് നിന്നാൽ എന്തും സാധിക്കും.” കുട്ടികളെല്ലാം നെടുവീർപ്പിട്ടു. പരസ്പരം സന്തോഷം കൊണ്ട് നോക്കി ചിരിക്കുകയും ചിലർ സന്തോഷം കൊണ്ട് കരയുകയും ചെയ്തു. “അപ്പൂട്ടാ അപ്പൂട്ടാ, സ്കൂളിലേക്ക് പോകുന്നില്ലേ?” അപ്പൂട്ടന്റെ അമ്മ അവനെ വിളിച്ചപ്പോഴാണ് എല്ലാവരും സമയം നോക്കിയത്. “സമയം ഏറെ കഴിഞ്ഞിരിക്കുന്നു” എല്ലാവരും ഒരേ സ്വരത്തിൽ അപ്പൂപ്പനോട് പറഞ്ഞു.അപ്പോൾ അപ്പൂപ്പൻ പറഞ്ഞു"അങ്ങനെയാണെങ്കിൽ എല്ലാവരും ഓടി കുളിച്ച് വൃത്തിയായി സ്കൂളിലേക്ക് പോകൂ.” എല്ലാവരും വീട്ടിലേക്ക് ഓടി മറഞ്ഞു.

കാലങ്ങൾ കഴിഞ്ഞു. യുവാക്കളായി,കഥകൾ മൊബൈലുകളായി. അപ്പൂപ്പൻ വൃദ്ധനായി, ആരും നോക്കാത്ത ഒരു ജീവിയായി. എല്ലാവർക്കും കഥകളോടുള്ള പ്രേമം കുറഞ്ഞു. മൊബൈലുകളാണ് പിന്നെ അവരുടെ ഉറ്റവരിൽ ഉറ്റവരായ സുഹൃത്തുക്കൾ.

അപ്പൂപ്പൻ ചിന്തിച്ചു 'പണ്ടത്തെ കാലം എങ്ങനെയായിരുന്നു? എല്ലാവരുമൊത്തു കളിച്ച് രസിച്ച് കഥകൾ പറഞ്ഞ് പാട്ടുകൾപാടി ഒരുമിച്ച് കൈകോർത്ത് നടന്നിരുന്ന കാലം.ഇന്നത്തെ അവരുടെ അവസ്ഥയോ? ഒരിക്കലും ചിന്തിക്കാത്ത കാര്യമാണ്.എല്ലാ യുവജനങ്ങളുടെ കൈയ്യിൽ സമയഭേദമില്ലാതെ മൊബൈലുകൾ, ഉറക്കം പോലും മൊബൈലിനു വേണ്ടി മാറ്റിവെച്ചവർ മാത്രമല്ല,തന്റെ ജീവൻപോലും മൊബൈലിന് സമ്മാനിച്ച യുവാക്കൾ.’

വൃദ്ധൻ പ്രാർത്ഥിച്ചു “ദൈവമേ, ഈ മൊബൈൽ എന്ന മാരകവസ്തുവിൽ നിന്ന് എന്റെ മക്കളെ നീ കാക്കണേ.... എന്റെ മക്കളെ നീ വഴി തെറ്റിക്കല്ലേ....

**************************

ഷാനിദ് കെ.എച്ച്

10A

## പിശുക്കനായ പണക്കാരൻ

ഒരു ഗ്രാമത്തിൽ ഒരു പണക്കാരനും പാവപ്പെട്ടവനും ഉണ്ടായിരുന്നു. പണക്കാരൻ ഒരു പിശുക്കനാണ്. എല്ലാ പണത്തെയും ഒരിടത്ത് വെക്കും. എന്നിട്ട് ആർക്കും കൊടുക്കുകയില്ല. അയാൾ സ്വന്തം ഉപയോഗിക്കും. രാവിലെ ജോലിക്കു പോയാൽ വൈകിട്ടാണു വരിക. ഒരു ദിവസം ഒരു മനുഷ്യൻ അയാളുടെ രൂപത്തിൽ വന്നു. എന്നിട്ട് ആ ഗ്രാമത്തിലുണ്ടായിരുന്ന പാവപ്പെട്ടയെല്ലാവരെയും വിളിച്ചു. എന്നിട്ട് പറഞ്ഞു "എന്റെ ഈ മുറിയിലുള്ള പണം നിങ്ങളെല്ലാവരും എടുത്തോളൂ. ഞാൻ നിങ്ങളെ അടിക്കാൻ വന്നാൽ നിങ്ങളെല്ലാവരും എന്നെ അടിക്കുക"എന്നു ആ മനുഷ്യൻ പറഞ്ഞ് പോയി. സമയമായപ്പോൾ പണക്കാരൻ വന്നു. "എന്താ സംഭവം...?എന്റെ പണംഎല്ലാവരും കൊണ്ടുപോകുന്നു." അപ്പോൾ അവരെല്ലാം അയാളെ ഓടിച്ചു. ഇയാൾ രാജാവിന്റെ അടുത്ത് പോയി കാര്യം പറഞ്ഞു. ആ മനുഷ്യൻ അവിടെയുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു "അത്യാഗ്രഹത്തിന്റെ ശിക്ഷയാണ് ഇത്." അതു കേട്ട പണക്കാരൻ അന്നു മുതൽ പിശുക്ക് മാറ്റി പുതിയ മനുഷ്യനായി ജീവിക്കാൻ തുടങ്ങി.

********************

ആസിയത്തു തബ്ഷീറ
10A

# ಭಾರತದ ಪ್ರಧಾನ ಮಂತ್ರಿಗಳು

| ಹೆಸರು | ವರ್ಷ |
|---|---|
| ಜವಹರ್ ಲಾಲ್ ನೆಹರು | AUG 15-1947-MAY ,27-1964 |
| ಗುಲ್ಜಾರಿಲಾಲ್ ನಂದ | MAY 27-JUNE 9-1964 |
| ಲಾಲ್ ಬಹದೂರ್ ಶಾಸ್ತ್ರ | JUNE 9-1964 ,JAN 11-1966 |
| ಗುಲ್ಜಾರಿಲಾಲ್ ನಂದ | JAN-11-1966,JAN24-11966 |
| ಇಂದಿರಾ ಗಾಂಧಿ | JAN-24-1966,MAR-24-1977 |
| ಮೊರಾರ್ಜಿ ದೇಸಾಯಿ | MAR-24-1977,JUL-28,1978 |
| ಚರಣ್ ಸಿಂಗ್ | JUL-28-1978,JAN-14-1980 |
| ಇಂದಿರಾ ಗಾಂಧಿ | JAN14-1980,OCT-31-1984 |
| ರಾಜೀವ್ ಗಾಂಧಿ | OCT-31-1984,DEC-2-1989 |
| ವಿಶ್ವನಾಥ್ ಪ್ರತಾಪ್ ಸಿಂಗ್ | DEC-2-1989,NOV-10-1990 |
| ಚಂದ್ರ ಶೇಖರ | NOV-10-1990,JUN-21-1991 |
| ಪಿ.ವಿ ನರಸಿಂಹ ರಾವ್ | JUN-21-1991,MAY-16-1996 |
| ಅಟಲ್ ಬಿಹಾರಿ ವಾಜಪಾಯಿ | MAY 16 -1996, JUN 1 -1996 |
| ಎಚ್. ಡಿ ದೇವಗೌಡ | JUN 1-1996, APR 26-1997 |
| ಎಲ್. ಕೆ ಗುಜರಾಲ್ | APR 26 – 1997, MAR 19 -1998 |
| ಅಟಲ್ ಬಿಹಾರಿ ವಾಜಿಪಾಯಿ | MAR ~~19-~~1998,MAY 22-2004 |
| ಮನ್ ಮೋಹನ್ ಸಿಂಗ್ | MAY-22 2004,MAY 26-2014 |
| ನರೇಂದ್ರ ಮೋದಿ | MAY-26-2014- |

MOHAMMED ANAS
6 B

## തീരാത്ത കാത്തിരിപ്പ്

മലഞ്ചെരുവിൽ സൂര്യനുദിച്ചു.....
കടലിനറ്റത്ത് സൂര്യൻ അസ്തമിച്ചു....
എന്നിരുന്നാലും എൻ കാത്തിരിപ്പിനന്ത്യമില്ല.....

സൂര്യോദയം മുതൽ അസ്തമനം വരെ,
ഉമ്മറപ്പടിയിൽ ഇരുന്ന് നിൻ-
വിളക്കായി കതോർത്തിരിക്കുകയായ് ഞാൻ..

എത്ര ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ....
ചേട്ടനെ വേണ്ടി ഒഴിച്ചു വച്ചു..
എന്നിരുന്നാലും എൻ കാത്തിരിപ്പിനന്ത്യമില്ല..

കണ്ണീരെത്ര പൊഴിച്ചാലും
എൻ കണ്ണുകളിൽ കാണും.
കാത്തിരിപ്പിൻ മന്ദഹാസം.,

എന്തിനാണ് എന്നെ തനിച്ചാക്കി,
എവിടേക്കോ പോയി മറഞ്ഞത്.,
നിൻ വരവും കാത്തിരിക്കുകയാണ് ഞാൻ.

ചേട്ടന്റെ വിളിക്കായി ഈ കൊച്ചനുജത്തി-
കാത്തിരിക്കയായി...,എന്ന് തീരും

ചേട്ടൻ വേണ്ടിയുള്ള ഈ കാത്തിരിപ്പ്....

ഒടുവിലൊരു ദിവസവും,എൻ-

കാത്തിരിപ്പിനന്ത്യമുണ്ടാവണം ചേട്ടാ....

എവിടെയായിരുന്നാലും എൻ ചാരത്തെത്തണം....

കാത്ത് കാത്ത് ഒടുവിൽ എനിക്ക്

മംഗല്ല്യമായിഎന്നിരുന്നാലും

എൻ കാത്തിരിപ്പിനന്ത്യമില്ല...

ഒരുപാട് ആശകൾ മനസ്സിനകത്താക്കി
ഈ കുടിലിൻ ഉമ്മറത്തിരുന്ന്

ചേട്ടന് വേണ്ടി കാത്തിരിക്കയായ്....

രാത്രി മറഞ്ഞ് പകൽ വന്നു..

പകൽ മറഞ്ഞ് രാത്രി വന്നു..

എന്നിരുന്നാലും കാത്തിരിപ്പിനന്ത്യമില്ല.,

ഫാത്തിമത്ത് നൈല

9th A

## ಪ್ರಾಕೃತಿಕ ವಿಕೋಪ



ಈಗಿನ ಪ್ರಕೃತಿಯ ನೋಡಲು
ಆಹಾ ಅದೆಷ್ಟು ಸುಂದರ
ಹಚ್ಚ ಹಸುರಿನ ಬದಲು
ಬೃಹತ್ತಾಗಿ ಅಲ್ಲಲ್ಲಿ ನಿಂತಿದೆ
ಬಣ್ಣ ಬಣ್ಣದ ಗೋಪುರ

ಪ್ರಕೃತಿಯು ಅನುಭವಿಸುವ
ನೋವ
ನಾವು ಇನ್ನೂ ತಿಳಿಯದಾದೆವು
ಅದಕ್ಕಾಗಿ ಸ್ವತ: ಪ್ರಕೃತಿಯೇ
ಕೈಗೊಂಡಿತು ಹಲವು ಪರಿಹಾರ
ಮಾರುತ , ಪ್ರವಾಹ ,ಭೂಕಂಪದ ಮುಂತಾದ
ಸಿಡಿಲ ಬ್ಬರದಂತಹ ಭೀಕರ ನಿರ್ಧಾರ

ಎಲ್ಲಾ ಕಡೆ ನಡೆದೆವು ಪ್ರಾಕೃತಿಕ ವಿಕೋಪ
ಆದರೂ ನಾವು ಎಚ್ಚೆತ್ತುಕೊಳ್ಳಲಿಲ್ಲ
ಬಿಡಲಿಲ್ಲ ನಮ್ಮ ಸ್ವಾರ್ಥ ಅಹಂಕಾರ
ಕಟ್ಟಿದೆವು ಮತ್ತೆ ಮತ್ತೆ
ಮುಗಿಲೆತ್ತರಕ್ಕೇರುವ ಮನೆ ಮಠಾದಿಗಳು

ಇದ ತಾಳಲಾರದೆ ಮುಂದೊಂದು ದಿನ
ನಮಗೆ ಕಾದಿದೆ ಹೊರ ಬರಲಾಗದ ವೇದನೆ
ಪ್ರಕೃತಿಯು ಮುನಿದು ಇಡೀ ಜಗತ್ತನ್ನೆ

ಮೂಡೀತು ತಾಂಡವ ಸಂಹಾರ

ಮಮತ ಬಿ.ಎಂ

## ചിറകുണ്ടായിരുന്നെകിൽ

ചിറകിൽ ആകാശത്തിൽ പാറും
പക്ഷികൾ രസിച്ച കൊള്ളാൻ
പക്ഷികൾ പാറുന്നതു കണ്ടൊരു
ആഗ്രഹം മനസ്സിനുള്ളിൽ നിറയും
എത്ര പറന്നാലും ആകാശം ലഭിക്കുല
മനുഷ്യർക്ക് ഈ അവസ്ഥ ലഭിക്കുല
സൂര്യനെയും ചന്ദ്രനെയും കാണുമ്പോൾ
നമ്മുടെ മനസ്സിൽ കുളിർമ
കാക്കകൾ പക്ഷികൾ പറക്കും നേരം
ആകാശം മുട്ടുന്നതു പോലെ
നമുക്കൊരു അവസ്ഥ തന്നെങ്കിൽ
നമുക്ക് ആകാശം കണ്ട് രസിക്കാം
നമുക്ക് നമ്മുടെ മനസ്സിൽ കൊതിയുണ്ട്
നമ്മുടെ പിറവി ഭൂമിയിലാ
ഭൂമി ഇല്ലെകിൽ ആകാശത്തിലാ
നമുക്ക് ഈ അവസ്ഥ ഇല്ല.....ഇല്ല..
എത്ര കൊതിച്ചാലും ലഭിക്കുകയില്ല.

നസ്രീന

7A

# OZONE DAY

PRESERVATION OF OUR ENVIRONMENT IS VERY URGENT NEED OF THE DAY.
A MASSIVE PROPAGANDA TO PRESERVE NATURE IN OUR SCHOOL.


OZONE LAYER
OZONE LAYER SEPTEMBER 16
PROTECT OUR EARTH
OZONE DAY
September 16
Ozone Day
Protect it, Save it
Happy world Ozoneday


SEPTEMBER 16
WORLD OZONE DAY










**പദപ്രശ്നം**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 മ | രു | 2 ഭൂ | 3 മി | യി | ലെ | 4 ക | പ്പ | ൽ |
| യി | | മി | ന്നാ | | 5 ഇ | ട്ടു | ക്കി | |
| ൽ | | | മി | | 6 ത | 7 വ | ള | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 7 ഹ | നു | മാ | ൻ | യ | | |
| | | 9 തെ | ങ് | | | 10 നാ | യാ | ട്ട് |
| | | | 11 വ | ര | യാ | ട് | 12 ചാ | |
| | 13 മ | ക | ൻ | 14 ഖ | ത്ത | ർ | വു | |
| | ഴ | 15 താ | മ | ര | | | ക | |
| | വി | | 16 തി | ര | മാ | ല | ട | |
| | ല്ല് | | ൽ | | | | ൽ | |

## വലത്തോട്ട്

**1.** ഒട്ടകത്തെ ഇങ്ങനെ വിശേഷിപ്പിക്കാറുണ്ട്.

**5.** കേരളത്തിലെ ഒരു ജില്ല.

**6.** ഒരു ഉഭയജീവി.

**8.** അയോധ്യയിൽ നിന്ന് ലങ്കയിലേക്ക് ഒറ്റക്കുതിപ്പിന് ചാടിയതാര്?

**9.** ഈ വൃക്ഷത്തിന് പേര് കേട്ടതാണ് നമ്മുടെ നാട്.

**10.** രാജകുമാരന്മാരുടെ ഇഷ്ടവിനോദം.

**11.** വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ഒരു മൃഗം.

**13.** പുത്രനെന്ന് അർത്ഥം വരുന്ന പദം.

**14.** ഒരു അറബ് രാജ്യം.

**15.** ഇന്ത്യയുടെ ദേശീയ പുഷ്പം.

**16.** കടലിൽ ഇത് കാണാം.

**17.** കേരളത്തിന്റെ സംസ്ഥാന പുഷ്പം.

# താഴോട്ട്

1. നമ്മുടെ ദേശീയ പക്ഷി.

2. നാം വസിക്കുന്ന ഗ്രഹം.

3. പ്രകാശം പുറപ്പെടുവിക്കുന്ന പ്രാണി.

4. നമ്മുടെ ദേശീയ മൃഗം.

7. താമരശ്ശേരി ചുരം താണ്ടി വേണം ഈ ജില്ലയിലെത്താൻ.

11. ചൈനയിലെ ............ ലോകാത്ഭുതങ്ങളിൽ ഒന്നാണ്.

12. പേര് ഇതാണെങ്കിലും ഈ കടലിൽ വീണാൽ മരിക്കുകയില്ല.

*13.* ആകാശത്തു കാണുന്ന വില്ല്.

# THE GREAT ART WORKS OF OUR KIDS



Khadeejath Sana P VII A



Mufeeda IVA



Ruzna IVA



Nafeesath Hasna III A




Muhammed Muhad VII B





Shivani
VII B

Mariyam Irfana
III A





Jabir
IV A

Nafi
VII A




Rasha Fathima
VI A



Fathima S
VII A



Nafeesa Thanha
II A



Mohammed Junaid Shakir
II B



Khadeejath Amna
IV A



Ishana 4A



Diya II A






Shijesh S IXA

AL AMEEN IXA

Mohammed Shahid
X B








RAKSHITH 8B




Khadeeja Jumailath 8B




rakshitha 9B



Jamaluddeen 9B



Rakshitha K 9B



Al Ameen 9B




Al  Ameen 9A

# ഗാന്ധിജി അപ്പൂപ്പൻ

സ്വതന്ത്ര ഇന്ത്യയുടെ രാഷ്ട്ര പിതാവാണ് ഗാന്ധിജി. 1896 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. ഗാന്ധിജി ഒരു വക്കീലായിരുന്നു. ഗാന്ധിജിയുടെ പൂർണനാമം മോഹൻദാസ് കരം ചന്ദ് ഗാന്ധി എന്നാണ്. ഗാന്ധിജി ഇന്ത്യയിൽ നേതൃത്വ പരമായ പങ്കുവഹിച്ച ആദ്യത്തെ സമരമാണ് ചെമ്പാരൻ. ഇത് 1917 ലാണ് നടന്നത്. ഗാന്ധിജി അപ്പോൾ ഇന്ത്യയുടെ സ്വാതത്ര്യത്തിന് വേണ്ടി ബ്രിട്ടീഷുകാരുടെ ക്രൂരതകൾ സഹിച്ചു ജീവൻ വരെ സമർപ്പിച്ചു. നമ്മുടെ രാഷ്ട്ര പിതാവിനെ മഹാത്മ എന്ന് രവീന്ദ്രനാഥ് ടാഗോർ ആണ് വിശേഷിപ്പിച്ചത്. ഗാന്ധിജിയുടെ ലക്ഷ്യം ഒന്ന് മാത്രമായിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യം, അതിന് വേണ്ടി നടന്ന കുറെ സമരങ്ങളുണ്ട്. അതിലൊരു സമരമായിയരുന്നു ക്വിറ്റ് ഇന്ത്യാ സമരം. ഇത് 1942-ൽ നടന്നു. ഗാന്ധിജി തന്റെ ലക്ഷ്യത്തിന്റെ പിന്നിൽ മാത്രമായിരുന്നു. എല്ലാവരെയും സ്നേഹിച്ചിരുന്ന ഈ മഹാവ്യക്തിയുടെ ആത്മകഥയായിരുന്നു എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ എന്നത്. മഹാത്മാ ഗാന്ധിയുടെ ത്യാഗം വേറിട്ടതായിരുന്നു. ലളിതമായ ജീവിതത്തിലൂടെയും വസ്ത്രധാരണത്തിലൂടെയും ഗാന്ധിജി ജനങ്ങൾക്ക് മാതൃക കാട്ടി. അഹിംസയും സത്യങ്ങളും മാത്രമായിരുന്നു ബാപ്പുജിയുടെ യുദ്ധ ആയുധങ്ങൾ. അങ്ങനെ ഗാന്ധിജി സത്യം മുന്നോട്ട് കൊണ്ട് പോയതിനാൽ തന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞു. 1947 ആഗസ്റ്റ് 15 ന് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചു. എന്നാൽ ഗാന്ധിജി അധിക കാലം ജീവിച്ചിരുന്നില്ല. 1948-ൽ നാഥൂറാം ഗോഡ്സേയുടെ വെടിയേറ്റ് ഗാന്ധിജി മരണപ്പെട്ടു. നാഥൂറാം ഗോഡ്സേയെ ധീരനായ ഉദ്ദംസിങ് വധിച്ചു കളഞ്ഞു.

ഖദീജത്ത് സന.പി *7A*

## ಶಾಲೆಯ ಕಲಿಕೆ

ನನ್ನ ಪ್ರೀತಿಯ ಗೆಳೆಯರೇ
ನಾವು ಹೋಗುವ ಶಾಲೆಗೆ
ಕೈ ಕೈ ಹಿಡಿದುಕೊಂಡು
ನಾವು ಹೋಗುವ ಶಾಲೆಗೆ




ಪನ್ನು ಪೆನ್ಸಿಲ್ ಪುಸ್ತಕ ರಬ್ಬರ್
ಚೀಲದಲ್ಲಿ ಹಾಕಿಕೊಂಡು
ಶಾಲೆಗೆ ಹೋಗಿ ಕಲಿತು
ಬರುವ ನಾವು ಹರುಷದಿ

ಗಣಿತದಲ್ಲಿ ಲೆಕ್ಕವು
ವಿಜ್ಞಾದಲ್ಲಿ ಪ್ರಯೋಗವು
ಸಮಾಜದಲ್ಲಿ ಇತಿಹಾಸವು
ಎಲ್ಲವು ನಾವು ಕಲಿಯೋಣ

ಕಲಿಯಬೇಕೆಂಬ ಇಚ್ಚೆಯಿಂದ
ಶಾಲೆಗೆ ಕಳಿಸಿದ ಅಮ್ಮ ಅಪ್ಪ
ನನಗೆ ಕಲಿಸಿದ ಟೀಚರಿಗೂ
ನನ್ನ ಹೃದಯ ತುಂಬಿದ ನಮನಗಳು

*************************

ಮೊಹಮ್ಮದ್ ರಿಝ್ವಾನ್ ಅಲಿ
೭ ಬಿ



## ಡಾ. ಕೆ ಶಿವರಾಮ ಕಾರಂತ

ಕಡಲ ತೀರದ ಭಾರ್ಗವರೆಂದು ಪ್ರಸಿದ್ಧರಾದ ಡಾ. ಶಿವರಾಮ ಕಾರಂತರು ೧೦.೧೦.೧೯೦೨ ರಂದು ಉಡುಪಿ ಸಮೀಪದ ಕೀಟದಲ್ಲಿ ಶೇಷಕಾರಂತ ಹಾಗು ಲಕ್ಷ್ಮೀ ಅಮ್ಮನವರ ಮಗನಾಗಿ ಜನಿಸಿದರು . ಆಡು ಮುಟ್ಟದ ಸೊಪ್ಪಿಲ್ಲ ಎಂಬಂತೆ ಕಾರಂತರು ಕೈಯಾಡಿಸಿದ ಕ್ಷೇತ್ರವಿಲ್ಲ. ಸಾಹಿತ್ಯ ಕೃತಿ ರಚನೆ , ಶಿಕ್ಷಣ ಕ್ಷೇತ್ರ , ವಿಜ್ಞಾನ ,ಕಲೆ ಎಲ್ಲಾ ಕ್ಷೇತ್ರಗಳಲ್ಲು ಕಾರಂತರು ಸೇವ ಸಲ್ಲಿಸಿದ್ದಾರೆ, ಅದ್ಭುತ ಜಗತ್ತು , ಬಾಲ , ಪ್ರಪಂಚ ಮುಂತಾದ ವೈಜ್ಞಾನಿಕ ಕೃತಿಗಳು , ಮರಳಿ ಮಣ್ಣಿಗೆ , ಬೆಟ್ಟದ ಜೀವ , ಬಿತ್ತದ ತೊರೆ, ಕುಡಿಯರ ಕೂಸು , ಚೋಮನ ದುಡಿ , ಮೂಕ್ಕಜ್ಜಿಯ ಕನಸ್ಸು ಮುಂತಾದ ಕಾದಂಬರಿಗಳು ರಚಿಸಿ ಪ್ರಸಿದ್ಧರಾಗಿದ್ದಾರೆ . ಇವರ ಮೂಕ್ಕಜ್ಜಿಯ ಕನಸ್ಸುಗಳು ಕಾದಂಬರಿಗೆ ಜ್ಞಾನ ಪೀಠ ಪ್ರಶಸ್ತಿ ಬಂದಿದೆ . ಅಲ್ಲದೆ ಪಂಪ ಪ್ರಶಸ್ತಿ , ಕೇಂದ್ರ ಸಾಹಿತ್ಯ ಅಕಾಡಮಿ ಪ್ರಶಸ್ತಿಗಳು ಇವರ ಸಾಹಿತ್ಯ ಸೇವೆಗೆ ಸಂದ ಗೌರವವಾಗಿದೆ . ಇಂತಹ ಅಪೂರ್ವ ಪ್ರತಿಭೆ ಡಾ . ಶಿವರಾಮ ಕಾರಂತರು ತಮ್ಮ ೯೫ ನೇ ವಯಸ್ಸಿನಲ್ಲಿ ೯.೧೨.೧೯೯೭ ರಂದು ಕೀರ್ತಿಶೇಷರಾದರು.

*************************

ಕವನ ೭ ಬಿ

# ನಿತ್ಯದ ಆಹಾರಗಳು



ಬೇಕು ಬೇಕು ತರಕಾರಿ
ಆರೋಗ್ಯಕ್ಕೆ ಬಲು ಉಪಕಾರಿ
ಹಾಲು ಮೊಟ್ಟೆ ಮಾಂಸಗಳು
ಪೋಷಕಯುಕ್ತ ಆಹಾರಗಳು

ರುಚಿ ರುಚಿಯಾದ ಹಣ್ಣುಗಳು
ಸಿಗುತ್ತದೆ ನಮಗೆ ವಿಟಮಿನ್
ಗಳು
ಸೇವಿಸಿ ದಿನವೂ ಒಂದೊಂದು
ಪಡೆಯಿರಿ ಉತ್ತಮ ಆರೋಗ್ಯ

ಅಕ್ಕಿ ಬೇಳೆ ದವಸಧಾನ್ಯಗಳು
ಉತ್ತಮ ಪೋಷಕ ಆಹಾರಗಳು
ಬಳಸಿರಿ ಇದನ್ನು ಆಹಾರದಲ್ಲಿ
ಪಡೆಯಿರಿ ಶರೀರಕ್ಕೆ ಶಕ್ತಿಯನು

ಹರಿವೆ ಬಸಳೆ ನುಗ್ಗೆ ಸೊಪ್ಪು
ಇಂತಿ ಎಲೆತರಕಾರಿಗಳು
ತಿನ್ನಿರಿ ಒಳ್ಳೆಯ ಆಹಾರ
ಪಡೆಯಿರಿ ಉತ್ತಮ ಆರೋಗ್ಯ

*************************

ತುಷಾರ್. ಎ ೩ ಬಿ

# SAVE THE PEOPLE FROM DRUGS

It is not lie :Drugs will make your mama cry

DEAD: Drugs End All Dreams

You don't need Heroin to be Hero

THINK BEFORE DRINK

A BIG LOSER IN LIFE IS A DRUG USER IN LIFE

DON'T LET YOUR CHEERS END IN TEARS

*Say NO TO Drugs*



## മഹാത്മ ഗാന്ധിയും ഇന്ത്യയും

ഇന്ത്യ റിപ്പബ്ലിക് ആവുന്നതിൽ പല ആളുകളും പങ്കുകൊണ്ടിട്ടുണ്ടെങ്കിലും അതിൽ പങ്ക വഹിച്ചവരിൽ പ്രധാനിയായ ഒരാളാണ് ഗാന്ധിജി. അതുകൊണ്ട് ഇന്ത്യൻ സ്വാതന്ത്ര്യത്തിൽഗാന്ധിജിയുടെ പങ്ക് നാം ഒരിക്കലും മറക്കാനാവില്ല. ഇന്ത്യക്കു വേണ്ടി സ്വന്തം ശരീരത്തിലെ ഓരോ ചോരത്തുള്ളികൾ പോലും പണയം വെച്ച് "മരണമെങ്കിൽ മരണവും വിജയമെങ്കിൽ വിജയവും എന്തായാലും ബ്രിട്ടനെ വിരട്ടുക" ഈ ഗാന്ധിജിയുടെ വാക്കിനർത്ഥം സ്വാതന്ത്ര്യത്തിന് വേണ്ടി എന്റെ ജീവൻ വേണമെങ്കിലും ഞാൻ പണയം വെക്കാം എന്നാണ് നമുക്കിതിൽ നിന്നും മനസ്സിലാവുന്നത്.

ഗാന്ധിജി മാത്രമായിരുന്നില്ല. പല ആളുകളും ഇന്ത്യൻ സ്വാതന്ത്ര്യത്തിൽ പങ്കു ചേർന്നിട്ടുണ്ട്. നാം ഗാന്ധിജിയെ മാത്രമല്ല, ഓർക്കേണ്ടത് മറ്റുള്ളവരെയും ഓർക്കണം.

നാം നമുക്ക് സ്വാതന്ത്ര്യം കിട്ടിയില്ല എന്നു കരുതുക. അപ്പോഴാണ് അതിന്റെ വില നമുക്ക് മനസ്സിലാവുന്നത്. സ്വാതന്ത്ര്യം കിട്ടിയില്ലായിരുന്നുവെങ്കിൽ ഇന്നു കാണുന്നത് പോലെ പലയിടങ്ങളിലും നടക്കാനും ഉല്ലസിക്കാനും സാധിക്കുമായിരുന്നില്ല. ആ ഒരു അവസ്ഥയെ നാം നല്ലതു പോലെ മനസ്സിലാക്കുമ്പോഴാണ് നമുക്ക് സ്വാതന്ത്ര്യ സമരനായകർ നമുക്കു വേണ്ടി എന്തൊക്കെ ത്യാഗങ്ങൾ ചെയ്തിരുന്നുവെന്ന് നമുക്ക് മനസ്സിലാവുന്നത്.

“കണ്ണുള്ളവർക്കേ കണ്ണിന്റെ വില അറിയൂ” എന്നതു പോലെ തന്നെയാണ് സ്വാതന്ത്ര്യവും. ഗാന്ധിജിയുടെയും ഗാന്ധിജിയുടെ മുൻകാലങ്ങളിലും ആളുകൾ ജീവിച്ചിരുന്നത് കേട്ടാൽ അത് വളരെ അസഹനീയങ്ങളായ സംഭവങ്ങളാണ്.

മാതൃരാജ്യമായി ഇന്ത്യയിൽ ജനിച്ച് മറുരാജ്യമായ ബ്രിട്ടണിന്റെ കീഴിൽ ഇന്ത്യയിൽ ഇന്ത്യയിൽ അടിമവേല ചെയ്യുകയോ അത് ഒരിക്കലും പാടില്ല. അങ്ങനെ ചിന്തിച്ചവരാണ് ഇന്ത്യൻ സ്വാതന്ത്ര്യത്തിൽ പങ്കുചേർന്ന ഗാന്ധിജിയും മറ്റുചിലരും.

ഗാന്ധിജി നമ്മുടെ സ്വാതന്ത്ര്യത്തിന് വേണ്ടി ക്രൂര ആയുധം കൊണ്ടോ വാളു കൊണ്ടോ അല്ല. ‘അഹിംസ’ എന്ന ഒറ്റ പദം കൊണ്ടാണ്. അതുകൊണ്ടാണ് ഗാന്ധിജിയും കൂട്ടരും ഇന്നു നാം കാണുന്ന സ്വാതന്ത്ര്യം നമുക്ക് നൽകാൻ സഹായകമായത്.

ഗാന്ധിജി നമുക്ക് വേണ്ടി പല വാഗ്ദാനങ്ങളും ചെയ്തിട്ടുണ്ട്. ഗാന്ധിജി പറയുന്നത് കാണാം "നാം എന്ത് ചെയ്യുമ്പോഴും അത് ഇക്കാണുന്ന പാവപ്പെട്ടവർക്കും പണക്കാർക്കുമൊക്കെ ഉപകാരപ്പെടുമോ എന്നു ചിന്തിക്കണം” ഇത് ജീവിത രീതിയിൽ മാത്രമല്ല. സ്വാതന്ത്ര്യത്തിലും നമുക്ക് കാണാം. ഇന്ത്യൻ സ്വാതന്ത്ര്യത്തിൽ ഇത് ഇന്ത്യയുടെ വരും തലമുറക്ക് ഉപകാരപ്പെടും എന്ന് ചിന്തിച്ചാണ് ഗാന്ധിജി ബ്രിട്ടനോട് പോരാടിയതെന്ന് ഗാന്ധിജിയുടെ ഈ വാക്കിൽ നിന്നും മനസ്സിലാക്കാം. ഗാന്ധിജി പലതവണ ബ്രിട്ടനോട് പൊരുതി ജയിലിൽ പോയിട്ടുണ്ട്. എന്നാലും ഒന്നിലും എന്തുക്രൂരതയിലും വേലയിലും അടറാതെ പതറാതെ ഗാന്ധിജി ഇന്ത്യക്കു വേണ്ടി ജീവൻ കൊടുത്തു. മരണാനന്തര സാഹചര്യങ്ങളിൽ പോലും ഇന്ത്യക്കുവേണ്ടി പൊരുതിയാണ് നമ്മോട് ഗാന്ധിജിയപ്പൂപ്പൻ വിട പറഞ്ഞത്. അതു നാം പ്രത്യേകം മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. ഗാന്ധിജിയുടെ ജീവിതത്തിന്റെ ഓരോ സെക്കന്റുകളും വരുംതലമുറക്ക് വേണ്ടിയാണ്. അതുകൊണ്ടു തന്നെ നമ്മുടെ ഓരോ നിമിഷവും നാം ഗാന്ധിജിയെപ്പോലുള്ളവരെ ഓർക്കണം. ഇന്ത്യൻ സ്വാതന്ത്ര്യത്തെ ഓർക്കണം. മുൻതലമുറയെ ഓർക്കണം. ഗാന്ധിജിയെപ്പോലെ

വിവേകമുള്ള,ബുദ്ധിയുള്ള ആളുകൾ ബ്രിട്ടണിന്റെ ക്രൂരതയുടെ ഫലങ്ങൾ മനസ്സിലാക്കിയതുകൊണ്ടാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനുവേണ്ടി അവർക്കു പോരാടാൻ പ്രേരിപ്പിച്ചത്. അതുകൊണ്ടുതന്നെ നാം എന്തുകാര്യം ചെയ്യുമ്പോഴും അത് ഇക്കാണുന്ന പാവപ്പെട്ടവർക്കും വരുംതലമുറക്കും അത് ഉപകാരപ്പെടുമോ? എങ്ങനെ ഉപകാരപ്പെടും? എന്നൊക്കെ ചിന്തിക്കണം. ചിന്തിക്കാതെ നാം എന്തും ചെയ്യാൻ പാടില്ല. അങ്ങനെ ഗാന്ധിജിയെപ്പോലെ എന്തും ചിന്തിച്ച് ചെയ്താൽ അതു നമ്മെ തീർച്ചയായും വിജയത്തിലേക്കെത്തിക്കും.അതിന് എതിരെ,ചിന്തിക്കാതെ ചെയ്താൽ അത് പരാജയത്തിലേക്കും നമ്മെ എത്തിക്കും. മഹാത്മാഗാന്ധിജിയുടെയും മറ്റും ഇന്ത്യക്കുവേണ്ടി പോരാടിയത് നമുക്ക് ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. അതു നാം മാത്രം അറിഞ്ഞാൽ മതിയാവുകയില്ല. വരുംതലമുറക്കും അതു നാം പറഞ്ഞു കൊടുക്കണം. അവരും ഇതൊക്കെ മനസ്സിലാക്കിപ്പടിക്കണം.

ഗാന്ധിജിയുടെ ജീവിതശൈലി, ജീവിത ചെലവുകൾ ഇതൊക്കെ താഴ്ന്നതായിരുന്നു. ഗാന്ധിജി ഒരിക്കലും താൻ മെച്ചപ്പെടാൻ വേണ്ടി പരിശ്രമിച്ചിട്ടില്ല. ഇന്ത്യയെ മെച്ചപ്പെടുത്തിയെടുക്കാനാണ് ഗാന്ധിജി പരിശ്രമിച്ചത്.

ഷാനിദ് കെ.എച്ച് *10 A*

# WORD LADDER

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| T | R | E | E | N | T | Q | R | K | B | Z |
| A | F | G | Y | A | C | D | X | G | R | D |
| L | M | J | E | N | E | M | Y | F | V | A |
| H | S | N | U | B | C | R | E | T | C | N |
| E | P | Q | B | H | G | V | A | Y | V | T |
| H | S | N | Y | R | T | W | R | O | S | E |

RIGHT

1. It gives shadow.
2. Not a friend.
3. It is a flower.

DOWN

1. We can see from.
2. It have 12 months.

Harshitha S

*4 B*

# The Naughty Lamb

Once upon a time, there was a forest with many trees of all kinds. In that forest lives a mother goat and her little lamb. They were living happily in the forest. The lamb was very naughty. The mother goat found it difficult to manage her child, the naughty lamb.

The naughtiness of the lamb found no bounds. This was the problem of the mother goat. The mother goat felt worried. Their home was near the edge of the forest. In that location,there were many wolves in the forest.

One day, the naughty lamb wondered into the forest. He enjoyed looking at the tall trees and lovely flowers .He suddenly realized that he had lost his way . " Oh my god! I have come far away from home .Mother will be angry with me ,"he thought

Out off little lambs sight ,there was a wolf who was watching him form behind a tree . "Yummy !that i want for my lunch today ."He thought ,licking his lips in anticipation

The wolf jumped in front of the lamb and ,exposing hid sharp teeth ,said , "a little fellow .Like you should not be getting in to this dangerous forest .I am here going to eat you for my lunch to day ."

The little tender lamb was terrified .He stood still for a moment ,without knowing what to do .Then ,he gained her coverage ,returned and ran as fast as he could .The wolf followed closely .The little lamb ran at her maximum speed, for a long time .the wolf followed .

Meanwhile ,the mother goat not finding her child .The little lamb at home was worried . "I hope he has not gone in to the forest .I must go and look for him ,"she thought .

Just as she was a goat to get in to the dense forest ,she saw the little lamb coming out of the dangerous forest .He was panic and there was a wolf chasing behind the little lamb. The mother goat using her long horns chased the cunning wolf away into the forest .

The mother goat ran behind the wolf for some distance into the forest and became assured that the wolf would not come again into the nearby areas of their home .After the mother goat came back to their home ,it so that the little lamb was shivering in fear .Mother goat took him inside their home and when he calmed the little one ,said , “now ,i hope you have learned a lesson that the forest is not the place for goats like us.” The little lamb just nodded .The little goat never went to forest thereafter.

********************

Maimoonath Ziyana *8A*

# ഐക്യരാഷ്ട്ര സംഘടനയുടെ പ്രധാന ഏജൻസികളും അവയുടെ ആസ്ഥാനങ്ങളും

| ഏജൻസി | ആസ്ഥാനം | രാജ്യം |
|---|---|---|
| FAO | റോം | ഇറ്റലി |
| GATT | ജനീവ | സ്വിറ്റ്സർലാൻഡ് |
| IAEA | വിയന്ന | ഓസ്ട്രിയ |
| IBRO | വാഷിംഗ്ടൺ | അമേരിക്ക |
| ICAO | മോൺട്രിയാൽ | കാനഡ |
| IDA | വാഷിംഗ്ടൺ | അമേരിക്ക |
| IFAD | റോം | ഇറ്റലി |
| IFC | വാഷിംഗ്ടൺ | അമേരിക്ക |
| ILO | ജനീവ | സ്വിറ്റ്സർലാൻഡ് |
| IMF | വാഷിംഗ്ടൺ | അമേരിക്ക |
| IMCO | ലണ്ടൻ | ബ്രിട്ടൺ |
| ITU | ജനീവ | സ്വിറ്റ്സർലാൻഡ് |
| UNESCO | പാരീസ് | ഫ്രാൻസ് |
| UNEP | നെയ്റോബി | കെനിയ |
| UNIDO | വിയന്ന | ഓസ്ട്രിയ |
| UNHCR | ജനീവ | സ്വിറ്റ്സർലാൻഡ് |
| WHO | ജനീവ | സ്വിറ്റ്സർലാൻഡ് |
| WMO | ജനീവ | സ്വിറ്റ്സർലാൻഡ് |

ഫാത്തിമത്ത് സനീഫ.എസ് *8 A*

# അമ്മുവിന്റെ പച്ചക്കറിത്തോട്ടം

ശക്തമായ കാറ്റു മഴയും....വീടിന്റെ ഉമ്മറത്തു വന്നിരുന്നു. മനസ്സിലൂടെ ചിന്തകൾ കടന്നു പോവുന്നു. മനസ്സ് വല്ലാതെ വേദനിക്കുന്നു. തന്റെ വേദനകൾ പങ്കിടാൻ തനിക്ക് കൂട്ട് എന്ന് പറയാനുള്ളത് കിടപ്പിലായ അച്ഛൻ മാത്രം. രണ്ടു ദിവസങ്ങൾക്കുമുമ്പ് അമ്മ എന്നെയും അച്ഛനെയും തനിച്ചാക്കി ഒരിക്കലും തിരിച്ചു വരാത്ത ലോകത്തേക്ക് യാത്രയായി....അമ്മുമോളുടെ മനസ്സിലേക്ക് ഓരോ ചിന്തകൾ അലട്ടുമ്പോഴും ദൈവം കൈവിടില്ല എന്ന ഒറ്റ വിശ്വാസത്തിൽ ജീവിച്ചു പോന്നു.

അച്ഛനെ തനിച്ചാക്കി ജോലിക്ക് എങ്ങനെ പോകുമെന്ന സങ്കടത്തിലാണ് അമ്മുമോൾ... അതിനിടയിലാണ് പത്രം കൊണ്ടുവരാറുള്ള രവി അമ്മുവിന്റെ വീട്ടിലെത്തിയത്. അമ്മുവിന്റെ മുഖത്തെ ഭാവം കണ്ട് രവി അന്വേഷിച്ചു "എന്താണ് വിഷമം?”. അമ്മു എല്ലാ കാര്യങ്ങളും രവിയോട് തുറന്നു പറഞ്ഞു. അപ്പോഴാണ് രവിക്ക് കാര്യം മനസ്സിലായത്. രവി അമ്മുവിന് എളുപ്പ വഴി പറഞ്ഞുകൊടുത്തു. “നീ പച്ചക്കറി കൃഷി ചെയ്യ്. ഞാൻ ധാരാളം വിത്തുകൾ ശേഖരിച്ചു തരാം. ഒരു പച്ചക്കറിത്തോട്ടമുണ്ടാക്കാം. എന്നിട്ട് പച്ചക്കറി ചന്തയിൽ പോയി വിറ്റാൽ നിന്റെ ദിവസങ്ങൾ കഴിച്ചു കൂടാൻ പറ്റും. അച്ഛനെയും പൊന്നുപോലെ നോക്കാം.” അമ്മുവിന് രവിയുടെ ഐഡിയ ഇഷ്ടപ്പെട്ടു. ഒട്ടും വൈകാതെ തന്നെ എല്ലാ ഒരുക്കങ്ങളും തുടങ്ങി. ധാരാളം വിത്തുകകളുമായി രവി വന്നു. അങ്ങനെ ഒരു പച്ചക്കറിത്തോട്ടം അമ്മുവിന്റെ വീടിന് മുന്നിൽ കാണാനിടയായി. ആളുകൾ പച്ചക്കറി വാങ്ങാൻ വീട്ടിലേക്ക് വരാൻ തുടങ്ങി. കൂടാതെ ചന്തയിലേക്കും കൊണ്ട് പോയി വിറ്റു. അങ്ങനെ സന്തോഷത്തോടും,സമാധാനത്തോടും കൂടി അമ്മു അച്ഛനുമായി ജീവിച്ചു.

അഫ്വമത്ത് അഫ്ലാൻ 10A

**കലാലയം**

ഇതെന്റെ കലാലയം...

ശലഭങ്ങളെപ്പോലെ..

പുസ്തക പൂക്കളിൽ നിന്നും...
അറിവിൻ മധുനുകരാൻ

ഞാൻ ഇവിടെ പറന്നെത്തി..
പ്രതീക്ഷയുടെ വർണ്ണച്ചിറകുകൾ വിരിച്ച്
ജൂൺ മാസത്തിലെ മഴ മേഘങ്ങൾ കടന്ന്
ഞാൻ ഈ വൃന്ദാവനത്തിൽ പദമൂന്നി
മത്സരബുദ്ധിയോടെ ഈ പൂങ്കാവനത്തിൽ

എത്തിയ ആയിരം ചിത്രശലഭങ്ങൾ...
അക്ഷരത്തിന് മധു പകർന്ന അറിവിൻ
പൂങ്കാവനം ഞങ്ങൾക്ക് മതിവോളം

മധുപാനം ചെയ്യാൻ അവസരമൊരുക്കി...

ഇന്ന്...

വസന്തം പോയ്....
ഇല പൊഴിയും ശിശിരം പല വഴിക്കായ്
ശലഭങ്ങൾ പുതിയ തിരങ്ങളിലേക്ക്
പറന്നകന്നു പക്ഷേ ഈ വസന്തം നൽകിയ

ഓർമ്മകൾക്ക് മരണമില്ല....

************

അവ്വമ്മത്ത് അഫ്ലാൻ *10 A*

# മണ്ടനായ സിംഹം

ഒരു കാട്ടിൽ ഒരു ഭീകരമായ ഒരു സിംഹം ഉണ്ടായിരുന്നു. എല്ലാ മൃഗങ്ങളെ കൊന്ന് തിന്നുമായിരുന്നു ആ സിംഹം. ഒരു ദിവസം ആ സിംഹത്തിന് വയ്യാതെയായി. അപ്പോൾ സിംഹം ഒരു കുറുക്കനോടു പറഞ്ഞു "ഞാൻ കാട്ടിലെ രാജാവാണ്. എല്ലാവരോടും എന്റെ ഗുഹയ്ക്കു മുന്നിൽ വരാൻ പറയണം." അതുപോലെ കുറുക്കൻ പറഞ്ഞു. എല്ലാവരും ഗുഹയ്ക്കു മുന്നിൽ എത്തിച്ചേർന്നു. സിംഹം എഴുന്നള്ളി.എല്ലാവരോടും പറഞ്ഞു "എനിക്ക് പ്രായം കൂടിക്കൊണ്ടു വരുന്നു. ഇനി നിങ്ങളെയൊക്കെ വേട്ടയാടാൻ കഴിയില്ല. അതുകൊണ്ട് ഓരോ ദിവസവും നിങ്ങളിൽ ഓരോരുത്തരും വരണം എനിക്ക് ഭക്ഷണമായി."അങ്ങനെ കുറേ കഴിഞ്ഞപ്പോൾ മുയൽക്കുട്ടിയുടെ ഊഴമായി. മുയൽക്കുട്ടൻ അമ്മാവനോടും കൂട്ടുകാരോടും യാത്ര പറഞ്ഞ് ഇറങ്ങി. വഴിയിൽ മുയൽക്കുട്ടന് ഒരു കുസൃതിബുദ്ധി തോന്നി. മുയൽക്കുട്ടൻ സിംഹത്തിന് മുന്നിലെത്തി.എന്നിട്ട് മുയൽക്കുട്ടൻ സിംഹരാജാവിനോട് പറഞ്ഞു "സിംഹ രാജാവേ, നിങ്ങളെപ്പോലെ ഒരു സിംഹം നാട്ടിലെ ഒരു കിണറ്റിലുണ്ട്. അത് നിങ്ങളെ വെല്ലുവിളിക്കുകയാണ് നിങ്ങളെകൊല്ലുമെന്ന്." സിംഹരാജാവിന് ദേഷ്യമായി. സിംഹവും മുയലും ആ കിണറ്റിന് അടുത്തു
ചെന്നു നോക്കിയപ്പോൾ സിംഹത്തെപ്പോലെ മറ്റൊരു സിംഹം. മുകളിലുള്ള സിംഹം എന്തു ചെയ്യുന്നുവോ അത് പോലെ കിണറ്റിലുള്ള സിംഹവും ചെയ്യുന്നു. പിന്നെ ഒന്നും നോക്കിയില്ല. സിംഹം ഒറ്റച്ചാട്ടം. കിണറ്റിൽ തന്റെ നിഴൽ കണ്ട് മനസ്സിലാകാതിരുന്ന സിംഹം കിണറ്റിലേക്ക് എടുത്തുചാടി. വെള്ളത്തിൽ വീണ സിംഹം ചത്തുപോയി. മുയൽക്കുട്ടൻ തന്റെ വീട്ടുകാരെയൊക്കെ കണ്ട് സന്തോഷത്തോടെ ഇരുന്നു. പിന്നീട് ഒരു മൃഗത്തെപ്പോലും സിംഹത്തിന് കൊടുക്കേണ്ടി വന്നില്ല

ഇബ്രാഹിം അൽത്താഫ് 7A

# ജീവിത രേഖ - അക്കിത്തം അച്യുതൻ നമ്പൂതിരി



*"വെളിച്ചം ദുഃഖമാണുണ്ണീ ,*

*തമസ്സല്ലോ സുഖപ്രദം"*


1926 മാർച്ച് 18-ന പാലക്കാട് ജില്ലയിലെ കുമരനല്ലൂരിൽ ജനിച്ചു.അമേറ്റൂർ അക്കിത്തത്ത് മനയിൽ വാസുദേവൻ നമ്പൂതിരിയും ചേകൂർ മനയ്ക്കൽ പാർവ്വതി അന്തർജ്ജനവുമാണ് മാതാപിതാക്കൾ. ചിത്രകാരൻ അക്കിത്തം നാരായണൻ സഹോദരൻ ആണ്.മകനായ അക്കിത്തം വാസുദേവനും ചിത്രകാരനാണ്.

ബാല്യത്തിൽ സംസ്കൃതവും സംഗീതവും ജ്യോതിഷവും പഠിച്ചു. 1946 മുതൽ മൂന്ന് കൊല്ലം ഉണ്ണിനമ്പൂതിരിയുടെ പ്രസാധകനായി അദ്ദേഹം സമുദായപ്രവർത്തനത്തിലേക്ക് ഇറങ്ങി. പത്രപ്രവർത്തകനായും പ്രവർത്തിച്ചിട്ടുണ്ട്. 1956 മുതൽ കോഴിക്കോട് ആകാശവാണി നിലയത്തിൽ

സ്ക്രിപ്റ്റ് എഴുത്തുകാരനായി പ്രവർത്തിച്ച അദ്ദേഹം 1975-ൽ ആകാശവാണി തൃശ്ശൂർ നിലയത്തിൽ എഡിറ്ററായി. 1985-ൽ ആകാശവാണിയിൽ നിന്ന് വിരമിച്ചു.

അദ്ദേഹത്തിന്റെ 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കൃതിയിൽ നിന്നാണ് "വെളിച്ചം ദു:ഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം" എന്ന വരികൾ. 1948-49 കളിൽ കമ്മ്യൂണിസ്റ്റുകാരുമായി ഉണ്ടായിരുന്ന അടുത്ത സഹവർത്തിത്വമായിരുന്നു ഈ കവിത എഴുതാൻ പ്രചോദനം. ഇ.എം.എസ്. നമ്പൂതിരിപ്പാട് തുടങ്ങിയ കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുമായി അടുത്ത ബന്ധമുണ്ടായിരുന്ന അദ്ദേഹം ഈ കവിത പ്രകാശിപ്പിച്ചതിനു പിന്നാലെ ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധനായി മുദ്രകുത്തപ്പെട്ടു. കേരളത്തിന്റെ പ്രിയപ്പെട്ട കവിയെ പ്രേക്ഷകർ ശ്രദ്ധിക്കാൻ തുടങ്ങിയത് 1950 മുതൽ ആണ്. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം എന്ന കവിതയ്ക്ക് 1952-ലെ സഞ്ജയൻ അവാർഡ് നേടിക്കൊടുത്തു.പിന്നീട് ഈ കവിത ആധുനിക മലയാള കവിതയുടെ മുതൽ ക്കൂട്ടായി.




**അക്കിത്തത്തിന്റെ കൃതികൾ**

കവിത , ചെറുകഥ, നാടകം, വിവർത്തനം, ഉപന്യാസം എന്നിങ്ങനെയായി മലയാള സാഹിത്യത്തിൽ 46-ഓളം കൃതികൾ രചിച്ച പ്രധാന രചനകളാണ്

ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, വെണ്ണക്കല്ലിന്റെ കഥ, ബലിദർശനം, മനസാക്ഷിയുടെ പൂക്കൾ, നിമിഷക്ഷേത്രം, പഞ്ചവർണ്ണക്കിളി തുടങ്ങിയവ.

**പുരസ്കാരങ്ങൾ**

കേരള സാഹിത്യ അക്കാദമി അവാർഡ്,കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ്, സഞ്ജയന പുരസ്കാരം, പത്മപ്രഭാ പുരസ്കാരം, അമൃത കീർത്തി പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, പത്മശ്രീ പുരസ്കാരം, മാതൃഭൂമി സാഹിത്യ പുരസ്കാരം തുടങ്ങി ഒട്ടേറെ പ്രശസ്ത ബഹുമതികൾ ലഭിച്ച അക്കിത്തത്തെ രാഷ്ട്രം പരമോന്നത സാഹിത്യ ബഹുമതിയായ ജ്ഞാന പീഠം നൽകി 2019-ൽ ആദരിച്ചു.

**********************

സമ്മാസ്.സി.എച്ച് *10 A*

## ഗ്രീൻ പ്രോട്ടോക്കോൾ-റിപ്പോർട്ട്

ഷിറിയ ഗവ.ഹയർസെക്കന്ററി സ്കൂളിൽ 2019-20 അധ്യായന വർഷത്തിൽ ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കാം എന്ന ലക്ഷ്യം ഉൾക്കൊണ്ടുകൊണ്ട് വിവിധ പരിപാടികൾ ആവിഷ്കരിച്ച് അധ്യാപകരുടെ കൃത്യമായ മേൽനോട്ടത്തിൽ നടത്തുകയുണ്ടായി. മേൽ ആവിഷ്കരിച്ച പരിപാടികളുടെ കൃത്യമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ജൂൺ 6-ന് നടത്തിയ പ്രവേശനോത്സവ പരിപാടിയിൽ നവാഗതരായ കുട്ടികളെ എതിരേൽക്കുവാൻ വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. പൂർണ്ണമായും പ്ലാസ്റ്റിക് ഉപയോഗം കുറച്ചുകൊണ്ട് പരിപാടി പരമാവധി ഗംഭീരമാക്കാൻ കഴിഞ്ഞു.



പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് (ജൂൺ 5) രണ്ടാമത്തെ പ്രവൃത്തി ദിവസത്തിൽ തന്നെ കുട്ടികൾക്ക് ചെടി വിതരണം ചെയ്യുകയും, സ്കൂൾ



പരിസരത്ത് നെല്ലി, പേര, വേപ്പ്, മഹാഗണി എന്നിവയുടെ തൈകൾ നട്ട്


പിടിപ്പിക്കുകയും ചെയ്തു. കുട്ടികൾക്ക് കൊടുത്തു വിട്ട ചെടികൾ കൃത്യമായി പരിപാലിക്കുന്നുണ്ടോ എന്നറിയുവാൻ 17/8/2019-ൽ അദ്ധ്യാപകർ ഗ്രൂപ്പായി തിരിഞ്ഞ് കുട്ടികളുടെ ഗൃഹസന്ദർശനം നടത്തി ഉറപ്പുവരുത്തി. കുട്ടികളുടെ മാതാപിതാക്കൾ കൂടി ഇതിൽ ഭാഗമാകുന്നുണ്ട് എന്നറിയുവാനും കഴിഞ്ഞു.





14/6/2019 സ്കൂളിൽ ഇക്കോ ക്ലബ്ബ് രൂപീകരണം നടത്തുകയുണ്ടായി. പ്രസ്തുത ക്ലബ്ബിന്റെ കൺവീനർമാരായി ശ്രീ.ദിലീഷ് മാഷ്, ശ്രീ.രത്നാകരൻ മാസ്റ്റർ, ശ്രീ.നബീൽ മാസ്റ്റർ എന്നിവരെ തിരഞ്ഞെടുക്കുകയും ചെയ്തു. 30 അംഗ കുട്ടികളുടെ ഒരു ഗ്രൂപ്പും തുടങ്ങുകയും ചെയ്തു.

ജൂൺ 26-ന് ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം, പ്ലക്കാർഡ് നിർമ്മാണം എന്നിവ നടത്തി. കുട്ടികൾ സ്കൂൾ പരിസര പ്രദേശങ്ങളിൽ പ്ലക്കാർഡ് പിടിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ ജാഥ നടത്തി. അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ എല്ലാ ക്ലാസുകളിലും കളർ പോസ്റ്ററുകളും സ്ഥാപിക്കുകയുണ്ടായി.




16/7/2019

ജലസംരക്ഷണവുമായി ബന്ധപ്പെട്ട് ഇക്കോ ക്ലബ്ബിന്റെ നേതൃത്വത്തിൽ പോസ്റ്റർ നിർമ്മാണ മത്സരം കുട്ടികൾക്കുവേണ്ടി സംഘടിപ്പിക്കുകയുണ്ടായി. ഓരോ പൈപ്പിൻ ചുവട്ടിലും 'ജലം അമൂല്യമാണ്, അത് പാഴാക്കരുത്' എന്ന ബോർഡ് സ്ഥാപിക്കുകയും ചെയ്തു.



16/9/2019-ൽ ഓസോൺ ദിനത്തിന്റെ ഭാഗമായി എല്ലാ ക്ലാസ്സുകളെയും ഉൾപ്പെടുത്തി കൊണ്ട് പോസ്റ്റർ നിർമ്മാണം, ഉപന്യാസ രചന എന്നിവ സംഘടിപ്പിക്കുകയുണ്ടായി.






26/9/2019-ൽ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹേരൂർ മീപ്പുരി ഗ്രാമത്തിലേക്ക് പല സ്കൂളുകളിൽ നിന്നുമായി ഒരുപാട് കുട്ടികൾ പങ്കെടുക്കുകയുണ്ടായി. നമ്മുടെ സ്കൂളിൽ നിന്ന് 10 കുട്ടികൾ അടങ്ങുന്ന സംഘം കാർഷിക വൃത്തിയെ തൊട്ടറിയാൻ അവിടെ എത്തിയിരുന്നു. കർഷകരുമായിട്ടുള്ള സംവാദം, പഴയ കൃഷി ഉപകരണങ്ങൾ പരിചയപ്പെടൽ, കൃഷിരീതി മനസ്സിലാക്കൽ, വയലുകൾ നിരീക്ഷണം, പ്രകൃതിദത്ത ജലസംരക്ഷണത്തെക്കുറിച്ച് മനസ്സിലാക്കൽ, ജൈവവള പ്രയോഗവും അതിന്റെ പ്രസക്തിയും, കീടനിയന്ത്രണത്തിന് ജൈവികമായ വഴികൾ തുടങ്ങിയവ അറിയുവാനും മനസ്സിലാക്കുവാനും സാധിച്ചു.












*2/10/2019* ഗാന്ധി ജയന്തി ദിനാചരണം സ്കൂളിൽ വിപുലമായി ആഘോഷിച്ചു. കുട്ടികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ സ്കൂൾ പരിസരം വൃത്തിയാക്കൽ, ഗാന്ധി ദിനാചരണ പ്രതിജ്ഞ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് ഷിറിയ കടപ്പുറത്തേക്ക് ദണ്ഡിയാത്രയുടെ പുനരാവിഷ്കരണവും നടത്തി.

# വിദ്യാലയങ്ങൾ പ്രതിഭകളിലേക്ക്



പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടത്തുന്ന 'വിദ്യാലങ്ങൾ പ്രതിഭകളിലേക്ക്' എന്ന പരിപാടി ഷിറിയ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ സംഘടിപ്പിക്കുകയുണ്ടായി. മേൽ പരിപാടിയുടെ ഭാഗമായി 15/11/2019 ഉച്ചകഴിഞ്ഞ് 4 മണിക്ക് ശേഷം 15 കുട്ടികളും, ഹെഡ്മിസ്ട്രസ് ശ്രീമതി. സവിത ടീച്ചറും, സീനിയർ അസിസ്റ്റന്റ് ഉഷ ടീച്ചറും, ശ്രീമതി. സരിത ടീച്ചറും മുട്ടം കുഞ്ഞിക്കോയ തങ്ങളെ സന്ദർശിക്കുകയുണ്ടായി.



അറബിക് സാഹിത്യത്തിൽ അഗ്രഗണ്യനായ അദ്ദേഹം ഷിറിയ പ്രദേശത്തെ മുസ്ലീം സഹോദരങ്ങൾക്കിടയിൽ എടുത്തു പറയേണ്ട വ്യക്തിത്വമാണ്. തൽപരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികളിൽ ഒരാളായ സൈദ് മുഹമ്മദ് തങ്ങളെ പൊന്നാട അണിയിക്കുകയും ഫാത്തിമത്ത് അഫ്സാന എന്ന വിദ്യാർത്ഥിനി തങ്ങളെ പൂച്ചെണ്ട് നൽകി സ്വീകരിക്കുയും ചെയ്തു. വളരെ ആദരപൂർവ്വം കുട്ടികളെയും അധ്യാപകരെയും അദ്ദേഹം തന്റെ വീട്ടിലേക്ക് വിളിച്ച് ഇരിപ്പിടങ്ങൾ തരികയും ചെയ്തു.



വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കമായിരുന്ന ഷിറിയയിലെ സാധാരണ ജനങ്ങളെ വിദ്യാഭ്യാസത്തിന്റെ വെളിച്ചം പകർന്ന് കൊടുക്കാൻ തങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. നല്ലൊരു ആത്മീയ ആചാര്യനും കൂടിയാണ് അദ്ദേഹം. സൗമ്യവും ആകർഷകവും വളരെ സരസവുമായി കുട്ടികളുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ അദ്ദേഹത്തിന് കഴിഞ്ഞു.

അറബിക് സാഹിത്യത്തിൽ പണ്ഡിതനായ അദ്ദേഹം ബൈത്തുകളെക്കുറിച്ച് നല്ലൊരു അറിവ് കുട്ടികൾക്ക് പകർന്നു കൊടുത്തു. അദ്ദേഹത്തിന്റെ കുട്ടിക്കാല ഓർമ്മകൾ കുട്ടികളുമായി പങ്കുവെച്ചു. പാരമ്പര്യമായി സ്വന്തം കുടുംബത്തിനുണ്ടായിരുന്ന അമാനുഷിക കഴിവുകൾ കുട്ടികൾക്ക് ഒരു പുതിയ അറിവായിരുന്നു. കുട്ടിക്കാലത്തിൽ മായാതെ കിടക്കുന്ന വളരെ രസകരമായ സ്കൂൾ അനുഭവങ്ങൾ അദ്ദേഹം പറഞ്ഞു.



ആത്മീയ ചികിത്സാരംഗത്തെ കഴിവുകളെക്കുറിച്ചും അദ്ദേഹം വിശദീകരിക്കുകയുണ്ടായി. നിരവധി ആളുകൾ കേരളത്തിന്റെ പുറത്തുനിന്നും അകത്തുനിന്നും ചികിത്സയ്ക്കുവേണ്ടി അവിടെ എത്തുന്നുണ്ട്. സ്വാതന്ത്ര്യസമര സേനാനിയും പ്രശസ്ത പണ്ഡിതനും കേരളക്കരയുടെ ആത്മീയ ആചാര്യനുമായ കവി സൈനുദ്ധീൻ മഖ്ദൂം തങ്ങളുടെ ചരിതങ്ങൾ കുട്ടികൾക്ക് പകർന്നു കൊടുക്കുകയുണ്ടായി.

അച്ചടക്കത്തിൽ അറിവിലും, മര്യാദയിലും, അധ്യാപകരോടുള്ള ബഹുമാനത്തിലും വളർന്നു വരുവാൻ അദ്ദേഹം കുട്ടികളെ ഉപദേശിക്കുകയുണ്ടായി. ശ്രീമതി.ഉഷ ടീച്ചർ നന്ദി പറഞ്ഞ് കൃത്യം 5.30-ന് തങ്ങളുടെ വീട്ടിൽ നിന്ന് ഞങ്ങൾ ഇറങ്ങുകയുണ്ടായി.

ഫാത്തിമത്ത് അഫ്ലാന

*9 A*

**********************